**ക്രമപ്രശ്നം**

(1) കേരള റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച്

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇന്ന് കേരളം ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നൊരു വിഷയമാണ് റാഗിങ്. നിരവധി കുട്ടികൾ ക്രൂരമായ റാഗിങിന് ഇരയാകുന്നുവെന്ന് ദിനംപ്രതി പത്രങ്ങളിൽ വായിച്ചുകൊണ്ടിരിക്കുകയാണ്. 1998-ൽ ഈ നിയമസഭ പാസാക്കിയ റാഗിങ് നിരോധന നിയമത്തിന് 1998 ഏപ്രിൽ 23-ന് ഗവർണറുടെ അനുമതി ലഭിക്കുകയും 1998-ൽ പത്താം നമ്പർ ആക്റ്റായി ജൂൺ 24-ന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ എട്ടാം വകുപ്പിൽ നിയമം നടപ്പാക്കുന്നതിന് ചട്ടങ്ങൾ രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ നിയമം നടപ്പാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ചട്ടങ്ങളുടെ അഭാവംമൂലം സംസ്ഥാനത്ത് നിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാതെവരുന്ന സാഹചര്യവുമുണ്ട്. നിയമസഭാ നടപടിക്രമങ്ങളും കാര്യനിർവഹണവും സംബന്ധിച്ച ചട്ടം 238 (2) പ്രകാരം 'ഒരു സ്റ്റാറ്റ്യൂട്ട് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾക്കനുസൃതമായി ഉണ്ടാകേണ്ടതായിട്ടുള്ള കരട് ചട്ടങ്ങൾ

എത്രയുംവേഗം തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക്, ഏതൊരു സംഗതിയിലും പ്രസ്തുത ആക്റ്റിന്റെ ഗസറ്റിലെ പ്രസിദ്ധീകരണ തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്ക് പിൻപല്ലാതെ അയച്ചുകൊടുക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിയമം നിലവിൽ വന്ന് 27 വർഷം ആകുമ്പോഴും ചട്ടങ്ങൾ രൂപീകരിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. 2018 ജൂൺ 18-ന് കേരള പോലീസ് ആക്റ്റിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസമുണ്ടായ വിഷയം സഭ പരിഗണിച്ചപ്പോൾ നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ ചട്ടങ്ങൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് സെക്രട്ടറിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് സർക്കാർ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയ്ക്ക് ഉറപ്പുനൽകിയതാണ്. പ്രസ്തുത നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ചെയർ റൂളിങ് നൽകിയതുമാണ്. എന്നാൽ ഏഴുവർഷങ്ങൾ പിന്നിടുമ്പോൾ ആഭ്യന്തര വകുപ്പിന്റെ പരിധിയിൽ വരുന്ന ഒരു നിയമത്തെക്കുറിച്ച് ഇങ്ങനെയൊരു ക്രമപ്രശ്നം ഉന്നയിക്കേണ്ടിവന്നത് ഏറെ ദൗർഭാഗ്യകരമാണ്. ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിക്കണമെന്ന്

നിർദേശിക്കുന്ന നിരവധി റൂളിങ്ങുകൾ മുൻകാലങ്ങളിലുണ്ടായിട്ടുണ്ട്. 2010 മാർച്ച് 3, 2015 ജൂലൈ 20, 2016 നവംബർ 19, 2017 മേയ് 25, 2018 ഫെബ്രുവരി 6 തുടങ്ങി ഒട്ടനവധി റൂളിങ്ങുകളുണ്ടായിട്ടുണ്ട്. റാഗിങ് നിരോധന നിയമം കേരള നിയമസഭ പാസ്സാക്കി 27 വർഷങ്ങൾക്കുശേഷവും ചട്ടം രൂപീകരിച്ച് കാര്യക്ഷമമായി നിയമം നടപ്പാക്കുവാൻ എക്സിക്യൂട്ടീവ് നടപടി സ്വീകരിക്കാത്തതിനാൽ നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യം തന്നെ പരാജയപ്പെട്ടിരിക്കുകയാണ്. ഇത് നിയമസഭാ നടപടിക്രമങ്ങളും കാര്യനിർവഹണവും സംബന്ധിച്ച ചട്ടം 238-നം നിയമങ്ങൾക്ക് സമയബന്ധിതമായി ചട്ടങ്ങൾ രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുള്ള നിരവധി മുൻകാല റൂളിങ്ങുകൾക്കും വിരുദ്ധമായ ഗുരുതരമായ കൃത്യവിലോപമാണ്. അതിനാൽ 30 ദിവസത്തിനകം റാഗിങ് നിരോധന നിയമത്തിന് ചട്ടങ്ങൾ രൂപീകരിക്കണമെന്ന് സർക്കാരിന് കർശനമായ നിർദേശം നൽകുന്ന റൂളിങ് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ

അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. സാധാരണ നിയമങ്ങൾ പുറപ്പെടുവിച്ചാൽ അതിനനുസൃതമായി ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിക്കേണ്ടതാണ്. ചട്ടങ്ങൾ രണ്ട് സ്വഭാവത്തിൽ വരും. നിയമത്തിനകത്ത് പൊതുവെ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ഗവൺമെന്റിന്റെ അധികാരം മതി. അതോടൊപ്പം പ്രത്യേകം പ്രത്യേകം വകുപ്പുകളിൽ പരാമർശിക്കുന്ന പ്രയോഗങ്ങളിൽ റൂൾ അനിവാര്യമായി വരും. യഥാർത്ഥത്തിൽ 1998-ലാണ് കേരള റാഗിങ് നിരോധന നിയമം നിലവിൽ വന്നത്. അതിനുശേഷം 2009-ൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ റെഗുലേഷൻ വരികയുണ്ടായി. റാഗിങ്ങുമായി ബന്ധപ്പെട്ടത് വളരെ ചെറിയൊരു നിയമമാണ്. അതിൽ ഈ ചട്ടങ്ങളില്ലാതെതന്നെ ഇക്കാര്യങ്ങൾ നടപ്പാക്കാൻ പ്രാപ്തമാണെന്നാണ് കണ്ടിരുന്നത്. റാഗിങ് നിരോധനം, റാഗിങ്ങിന്റെ ശിക്ഷ, ശിക്ഷിക്കപ്പെടുന്ന വിദ്യാർത്ഥിയെ പിരിച്ചുവിടൽ, റാഗിങ് സംബന്ധിച്ച് പരാതിപ്പെട്ടാൽ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുക, കുറ്റം ചെയ്യാൻ പ്രേരിപ്പിച്ചാലുള്ള ശിക്ഷ ഇതെല്ലാം നിയമത്തിൽ സ്പെസിഫിക്കായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അപ്പോൾ ചട്ടങ്ങളുണ്ടാക്കാൻ അധികാരമുണ്ടെങ്കിലും, പ്രസ്തുത നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ

നടപ്പാക്കാൻ പ്രത്യേകമായ ഒരു ചട്ടം രൂപീകരിക്കണമെന്നുള്ളത് ആ നിയമം നോക്കിയാൽ അതിനകത്ത് കാണാൻ കഴിയില്ല. എന്നാൽ ഇപ്പോൾ അദ്ദേഹം ഉന്നയിച്ചിട്ടുള്ളതും ഇപ്പോഴത്തെ പുതിയ സാഹചര്യവുംകൂടി പരിഗണിച്ച് ഈ ചട്ടങ്ങൾ രൂപീകരിക്കുന്നതിനോ അല്ലെങ്കിൽ നിയമത്തിൽത്തന്നെ എങ്ങനെയാണെന്ന് പുന:പരിശോധന നടത്തേണ്ടുന്ന സാഹചര്യമാണോ വന്നിട്ടുള്ളതെന്ന് നോക്കണം. ഇക്കാര്യത്തിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ചില നിർദേശങ്ങൾ വന്നിട്ടുണ്ട്. അത് പരിഗണിച്ച് ഉചിതമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

**റൂളിങ്**

മി. സ്പീക്കർ: ഓർഡർ.........ഓർഡർ...... 1998-ൽ സഭ പാസ്സാക്കിയ കേരള റാഗിങ് നിരോധന നിയമപ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ നാളിതുവരെ പുറപ്പെടുവിക്കാത്തത് സംബന്ധിച്ച കാര്യങ്ങളാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ക്രമപ്രശ്നമായി ഉന്നയിച്ചത്. ഈ നിയമപ്രകാരം ചട്ടങ്ങൾ രൂപീകരിക്കാതിരുന്നത് സംബന്ധിച്ച ഭരണപരമായ കാര്യങ്ങൾ വിശദമായിത്തന്നെ ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി

വിശദീകരിക്കുകയും ചെയ്തു. ഇവിടെ ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ നാനാവശങ്ങൾ ചെയറും വിശദമായി പരിശോധിക്കുകയുണ്ടായി.

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് ഒരു ക്രിമിനൽ കുറ്റമായി വീക്ഷിക്കണമെന്നും കുറ്റവാളികളെ സാധാരണ കുറ്റവാളികളെപ്പോലെതന്നെ പ്രോസിക്യൂട്ട് ചെയ്യണമെന്നും റാഗിങ് തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലീസ് പ്രവേശിക്കാമെന്നും ഇതുമായി ബന്ധപ്പെട്ട ഒരു കേസിൽ 1991-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. അതിനെത്തുടർന്ന് സർക്കാർ വിവിധ എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നെങ്കിലും അതിന് ഉദ്ദേശിച്ച ഫലമുണ്ടാകാതിരുന്നതിനാലും റാഗിങ്ങിന്റെ പേരിൽ വിദ്യാർഥികളെ തുടർന്നും ക്രൂരമായി പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലുമാണ് പത്താം കേരള നിയമസഭയിൽ 1998 ഏപ്രിൽ 21-ാം തീയതി കേരള റാഗിങ് നിരോധന നിയമം പാസ്സാക്കിയത്. ഏകദേശം 27 വർഷങ്ങൾക്കുമുമ്പ് കേരളനിയമസഭ ഈ നിയമം പാസ്സാക്കുമ്പോൾ ഇന്ത്യയിൽത്തന്നെ ഇത്തരത്തിലുള്ള ആദ്യ നിയമമായിരുന്നു ഇത്.

കാൽ നൂറ്റാണ്ട് പിന്നിട്ട ഈ നിയമം നിർമ്മിക്കപ്പെട്ട കാലത്ത് നമ്മുടെ

കലാലയങ്ങളിൽ നടന്നുവന്നിരുന്ന തരത്തിലുള്ള റാഗിങ് രീതികളല്ല സമീപകാലങ്ങളിൽ നടന്നുവരുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ക്രൂരവും പൈശാചികവുമായ രൂപഭേദങ്ങൾ ഇക്കാര്യത്തിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. ഒരുപക്ഷെ, നിലവിലുള്ള നിയമത്തിലെ ദൗർബല്യങ്ങൾ ഇത്തരം പ്രവണതകൾ ശക്തിപ്പെടുന്നതിന് കാരണമായിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതുണ്ട്. അങ്ങനെ കാണുന്നുണ്ടെങ്കിൽ പ്രസ്തുത വിഷയത്തിന് അടിയന്തര പരിഹാരം കാണേണ്ടതാണെന്നാണ് ചെയറിന്റെ അഭിപ്രായം. ഇവിടെ പരാമർശിക്കപ്പെട്ട യു.ജി.സി റെഗുലേഷൻ എന്നത് ഒരു റെഗുലേഷൻ മാത്രമാണ്. ഒരു നിയമനിർമ്മാണസഭ പാസ്സാക്കിയ നിയമത്തിന്മേൽ അതിന് അതിപ്രഭാവം നൽകേണ്ട കാര്യമില്ലെന്നാണ് കാണുന്നത്.

റാഗിങ് എന്നപേരിൽ കലാലയങ്ങളിൽ വർഷങ്ങളായി നടന്നുവരുന്ന ഏറ്റവും പ്രാകൃതമായ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് 1998-ലെ നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോയെന്നും നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിലേക്കായി വിശദമായ

ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ടോയെന്നും നിലവിലെ സാഹചര്യത്തിൽ സർക്കാർ വിശദമായി പരിശോധിക്കണമെന്ന് ചെയർ നിർദ്ദേശിക്കുന്നു.

ഒരു ക്രമപ്രശ്നമായി ഇക്കാര്യം സഭയുടെ സജീവ ശ്രദ്ധയിൽ കൊണ്ടുവന്നതിന് ശ്രീ. എ. പി. അനിൽ കുമാറിനെ ചെയർ അനുമോദിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......

(2) ഓർഡിനൻസ് കാലഹരണപ്പെട്ടത് സംബന്ധിച്ച്

ശ്രീ. അൻവർ സാദത്ത്: സർ, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ (ബിൽ നമ്പർ 236) 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് (2024-ലെ 3-ാം നമ്പർ ഓർഡിനൻസ്)-ന് പകരമുള്ള ഒരു ബിൽ ആണ്. 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് 2024 ഡിസംബർ 19-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തി, 2024 ഡിസംബർ 21-ാം തീയതി 4050-ാം നമ്പർ അസാധാരണ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചതും, 2025 ജനുവരി 21-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ചതുമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 213 പ്രകാരം പുറത്തിറക്കുന്ന

ഓർഡിനൻസിനുപകരമുള്ള ബിൽ നിയമസഭാ സമ്മേളനം ആരംഭിച്ച തീയതി മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ സഭ അംഗീകരിക്കേണ്ടതായിട്ടുണ്ട്. നിയമസഭയുടെ നടപ്പുസമ്മേളനം ആരംഭിച്ചത് 2025 ജനുവരി 17-ാം തീയതിയാണ്. പ്രസ്തുത തീയതി മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ 42 ദിവസം, അതായത് ഫെബ്രുവരി 27-ാം തീയതിക്കകം പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ നിയമസഭ പാസ്സാക്കി ഗവർണ്ണറുടെ അംഗീകാരം വാങ്ങേണ്ടതായിരുന്നു. അത് വാങ്ങാത്ത സാഹചര്യത്തിൽ, 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് (2024-ലെ 3-ാം നമ്പർ ഓർഡിനൻസ്) ഫെബ്രുവരി 27-ാം തീയതി കാലഹരണപ്പെട്ടിരിക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ കൊണ്ടുവന്നിട്ടുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ ഇതോടൊപ്പം ഇല്ലാതായിരിക്കുന്നു. 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2025 മാർച്ച് 3-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. 2025 ഫെബ്രുവരി 13-ാം തീയതി സബ്ജക്ട് കമ്മിറ്റി ബിൽ പരിഗണിക്കുമ്പോൾ ഓർഡിനൻസ് നിലവിലുണ്ടായിരുന്നു. അതിനുശേഷം ഫെബ്രുവരി 27-ാം തീയതിയാണ്

ഈ ഓർഡിനൻസ് ലാപ്സായത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലിലെ ക്ലോസ് 20 'റദ്ദാക്കലും ഒഴിവാക്കലും' സംബന്ധിച്ച 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് (2024-ലെ 3-ാം നമ്പർ ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നുവെന്നാണ് പറയുന്നത്. ഫെബ്രുവരി 27-ാം തീയതിതന്നെ കാലഹരണപ്പെട്ട ഓർഡിനൻസ് റദ്ദാക്കുന്ന നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. ഓർഡിനൻസ് ലാപ്സായതോടുകൂടി അത് റീപ്ലെയ്സ് ചെയ്യാൻ കൊണ്ടുവന്ന ബിൽ കൂടി കാലഹരണപ്പെട്ടിരിക്കുകയാണ്. 20 ദിവസംമുമ്പ് കാലഹരണപ്പെട്ട ഓർഡിനൻസ് പ്രകാരമുള്ള ബിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത് ഇപ്പോൾ പരിഗണിക്കുന്നത് ഓർഡറിൽ അല്ല. അതിനാൽതന്നെ കാലഹരണപ്പെട്ട ഓർഡിനൻസിനുപകരമുള്ള ബിൽ ഇപ്പോൾ പരിഗണനയ്ക്കെടുക്കുന്നത് ക്രമപ്രകാരമല്ല.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാനത്തെ വയോജനങ്ങൾക്ക് കൂടുതൽ ക്ഷേമവും സംരക്ഷണവും ഏർപ്പെടുത്താനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും മറ്റുമാണ് വയോജന കമ്മിഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുംവിധം 2024-ലെ

കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് വിളംബരം ചെയ്തിട്ടുള്ളത്. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി നിയമസഭ പാസ്സാക്കുന്നൊരു ആക്ട് കൊണ്ടുവരുന്നതിലേയ്ക്കാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. 2025 ജനുവരി 17-ാം തീയതി ആരംഭിച്ച സമ്മേളനത്തിൽ 2025 ഫെബ്രുവരി 13-ാം തീയതി ബിൽ സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസംതന്നെ അത് സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും, പ്രസ്തുത സബ്ജക്ട് കമ്മിറ്റി ബിൽ ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും ചില ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്ത ശേഷമാണ് ഇപ്പോൾ സഭയുടെ പരിഗണനയ്ക്കായി വന്നിട്ടുള്ളത്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 213 രണ്ടാംഘട്ടം എ ഉപഖണ്ഡപ്രകാരം സഭ സമ്മേളിക്കുന്ന തീയതി മുതൽ ആറ് ആഴ്ച അവസാനിക്കുമ്പോൾ ഓർഡിനൻസ് പ്രവർത്തനരഹിതമാകും. ഇത് ഭരണഘടനാ വ്യവസ്ഥയാണ്. എന്നാൽ ഓർഡിനൻസ് ലാപ്സായിരുന്നാൽത്തന്നെയും സഭയിൽ അവതരിപ്പിച്ച ബില്ലിൽ ഉൾപ്പെട്ട നിയമനിർമ്മാണ പ്രൊപ്പോസലുകൾ നിലനിർത്തുന്നതിനും അവയ്ക്ക്

നിയമപ്രാബല്യവും തുടർച്ചയും നൽകി ബിൽ പാസാക്കിയെടുക്കേണ്ടതുണ്ട്. ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീർന്നിരുന്നതിനാൽ ആ കാലയളയിലേയ്ക്കുകൂടി നിയമവ്യവസ്ഥകൾ ബാധകമാക്കുന്ന തരത്തിൽ ഒരു സാധൂകരണ വ്യവസ്ഥ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലിൽ ഒരു ഔദ്യോഗിക ഭേദഗതിയായി ഉൾപ്പെടുത്തിക്കൊണ്ട് നിയമം കൊണ്ടുവരണമെന്നതാണ് സർക്കാരിന്റെ ഉദ്ദേശ്യം. സഭയിൽ അവതരിപ്പിച്ച് സഭയുടെ സജീവ പരിഗണനയിലിരിക്കുന്ന ഒരു ബിൽ ഓർഡിനൻസ് ലാപ്സായി എന്ന കാരണത്താൽ മാത്രം അസാധുവാക്കാൻ ഗവൺമെന്റിന് സാധിക്കുന്നതല്ല. അതുകൊണ്ടാണ് ഒറിജിനൽ ബില്ലിലെ റിപ്പീൽ ക്ലോസിനുപകരം (ഖണ്ഡം 20) പുതിയൊരു സാധൂകരണ വ്യവസ്ഥ ഇപ്പോൾ കൊണ്ടുവരുന്നത്. ഇപ്രകാരം സഭയുടെ പരിഗണനയിലിരിക്കവെ ഓർഡിനൻസുകൾ ലാപ്സായെങ്കിലും ബില്ലുകൾ കൊണ്ടുവന്നു പാസ്സാക്കിയ നിരവധി കീഴ്‌വഴക്കങ്ങളും അതുമായി ബന്ധപ്പെട്ട മുൻറൂളിങ്ങുകളും ഈ സഭയിൽത്തന്നെ ഉണ്ടായിട്ടുണ്ട്. ആയതിനാൽ, ബഹുമാനപ്പെട്ട അംഗത്തിന്റെ വാദം നിലനിൽക്കുന്നതല്ലായെന്നും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ചെയ്ത പ്രകാരമുള്ള ഈ ബിൽ പരിഗണനയ്ക്കെടുക്കാനുള്ള അനുമതി നൽകണമെന്നും ബഹുമാനപ്പെട്ട ചെയറിനോട് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.. ഓർഡർ..

ഇന്ന് സഭ പരിഗണിക്കാനിരിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിന് ആധാരമായ 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് (2024-ലെ 3-ാം നമ്പർ ഓർഡിനൻസ്) റദ്ദായിപ്പോയ സാഹചര്യത്തിൽ, പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിലെ അസാംഗത്യം സംബന്ധിച്ചാണ് ശ്രീ. അൻവർ സാദത്ത് ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ഇക്കാര്യത്തിൽ നിലവിലുള്ള നിയമ വ്യവസ്ഥയെയും നിയമസഭയുടെ കീഴ്വഴക്കത്തെയും സംബന്ധിച്ച് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വിശദമായ മറുപടി പറഞ്ഞുകഴിഞ്ഞു.

ചെയർ ഇക്കാര്യം പരിശോധിച്ചു. ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം സംബന്ധിച്ച് ഭരണഘടന വ്യവസ്ഥകൾ, നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ,

കീഴ്വഴക്കങ്ങൾ എന്നിവയെ സംബന്ധിക്കുന്ന യാതൊരു ലംഘനവും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, സമാന സ്വഭാവമുള്ള നിരവധി സന്ദർഭങ്ങളിൽ ഓർഡിനൻസിന് പകരമുള്ള ബില്ലുകൾ കേരള നിയമസഭയിൽ അവതരിപ്പിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഓർഡർ.. ഓർഡർ..